(ഡി) മലയാറ്റൂർ ഡിവിഷനിലെ തുണ്ടത്തിൽ റെയിഞ്ചിലെ കരിമ്പാനി ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറാണ് ആനവേട്ടയുമായി ബന്ധപ്പെട്ട് ഒ.ആർ.2/2015 കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആനവേട്ടയുമായി നേരിൽ ബന്ധമുള്ള ഒരു പ്രതി നേരിട്ട് ഹാജരായി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തത്. ആനവേട്ടയുമായി ബന്ധപ്പെട്ട് ഉടൻന്ന് തുണ്ടത്തിൽ റെയിഞ്ചിലെ ഇടമലയാർ സ്റ്റേഷനിലെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറാണ് ടി സ്റ്റേഷനിലെ ഒ.ആർ.1/2015, ഒ.ആർ.3/2015 എന്നീ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഇ) ബന്ധപ്പെട്ട രേഖകൾ കോടതിയിൽ സമർപ്പിച്ചിരിക്കുകയാണ്.

(എഫ്) 19-6-2015 ലെ വി.ഇ.9-26490/15 നമ്പർ കത്ത് പ്രകാരം വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് വിവരം നൽകിയിരുന്നു.

(ജി) ഉത്തരം (എഫ്) പ്രകാരം വിവരങ്ങൾ നൽകിയിരുന്നു. മേൽ കേസുകളുമായി ബന്ധപ്പെട്ട്, കണ്ടെത്തിയ ആനകളുടെ ജഡാവശിഷ്ട ഭാഗങ്ങൾ ഫോറൻസിക് പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. ആയത് ലഭ്യമായാൽ മാത്രമേ പ്രസ്തുത കുറ്റകൃത്യങ്ങളുടെ കാലപ്പഴക്കം നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

കാട്ടാനകളെ കൊലപ്പെടുത്തിയ സംഭവം

180(5769) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 22 കാട്ടാനകളെ കൊലപ്പെടുത്തി എന്ന വാർത്ത വനം വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇപ്രകാരം മുൻപെങ്ങുമില്ലാത്ത വിധം ആനകൾ വേട്ടയാടപ്പെടുവാനുണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമീപകാലത്ത് മലയാറ്റൂർ ഡിവിഷനിലെ വനമേഖലയിൽനിന്ന് കാട്ടാനകളെ വേട്ടയാടി കൊമ്പ് നീക്കം ചെയ്ത കുറ്റത്തിന് തുണ്ടത്തിൽ റെയിഞ്ചിൽ 2015 മേയ്-ജൂൺ മാസങ്ങളിലായി ഇടമലയാർ ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ.1/15, കരിമ്പാനി ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ.2/15 എന്നീ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണം പുരോഗമിച്ചുവരികയുമായിരുന്നു. 29-6-2015 ന് മലയാള മനോരമ പത്രത്തിൽ ആനവേട്ടയെ സംബന്ധിച്ച് വാർത്ത

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വന്നതിനെത്തുടർന്ന്, വനം വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നേരിട്ട് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചിട്ടുണ്ട്. അറസ്റ്റിലായ പ്രതിയുമൊത്ത് വനമേഖലയിൽ പല ദിവസങ്ങളായി നടത്തിയ വിശദമായ പരിശോധനയിൽ മൊത്തം 5 ആനകളുടെ ജഡാവശിഷ്ടം കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് ജൂലൈ 3, 4, 5 തീയതികളിൽ 23 സംഘങ്ങളായി ഏകദേശം 250 ഓളം വനപാലകർ പ്രദേശം മുഴുവൻ പരിശോധിച്ചെങ്കിലും മറ്റ് കുറ്റകൃത്യങ്ങളൊന്നും കണ്ടെത്താനായില്ല. കേസ്സ് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനും തങ്ങളുടെ ഡ്യൂട്ടി യഥാസമയം നിർവ്വഹിക്കുന്നതിലും വീഴ്ച വരുത്തിയ 4 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ആനവേട്ടയും ആനക്കൊമ്പ് കച്ചവടവുമായി ബന്ധപ്പെട്ട് 22-7-2015 വരെ വിവിധ സ്ഥലങ്ങളിൽ നിന്നും 22 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ്സിലെ മുഖ്യ പ്രതിസ്ഥാനത്തുള്ള ശ്രീ. ഐക്കരമറ്റം വാസു 19-7-2015-ന് മഹാരാഷ്ട്രയിൽ മരിച്ച നിലയിൽ കണ്ടെത്തിയതായി വിവരം ലഭിച്ചയുടൻ വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ നാലംഗ സംഘത്തെ അവിടേക്കയച്ചു. മഹാരാഷ്ട്രയിലെ അന്വേഷണം പുരോഗമിച്ചുവരുന്നു. കേസ്സിന് അന്തർ സംസ്ഥാന ബന്ധങ്ങൾ ഉണ്ടെന്ന സംശയമുള്ളതിനാൽ കേസ്സന്വേഷണത്തിന് വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കേസ്സുമായി ബന്ധപ്പെട്ട് നാളിതുവരെ പിടിച്ചെടുത്ത തൊണ്ടി ഉല്പന്നങ്ങളുടേയും വാഹനങ്ങളുടേയും വിവരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ഐറ്റം	അളവ്
1	ആനക്കൊമ്പ്	33.5 കിലോ
2	ആനക്കൊമ്പിൽ തീർത്ത കരകൗശല വസ്തുക്കൾ (ഈട്ടിത്തടിയിൽ തീർത്ത പീഠം ഉൾപ്പെടെ)	17.5 കിലോ
	വാഹനങ്ങൾ	
1	ഓട്ടോറിക്ഷ	1
2	മാരുതി സെൻ കാർ	1

(ബി) അന്വേഷണത്തിന്റെ ഭാഗമായി അറസ്റ്റ് ചെയ്ത പ്രതികളിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കാരണങ്ങൾ വിലയിരുത്തിവരുന്നു.